# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3131

13.10.2011 ൽ
മറുപടിയ്ക്ക്.

## ആശ്രിത നിയമനങ്ങളിലെ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | ശ്രീ. ഉമ്മൻചാണ്ടി(മുഖ്യമന്ത്രി) |
| (എ) ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതിയിൽ എത്ര വർഷത്തെ അപേക്ഷകൾ കെട്ടികിടക്കുന്നുണ്ട്; വിശദാംശം നൽകുമോ ; | (എ) കംപാഷണേറ്റ് എംപ്ളോയ്മെന്റ് സെല്ലിൽ രജിസ്റ്റർ ചെയ്തതിൽ എൽ.ഡി.ക്ളാർക്ക് തസ്തികയിൽ 18.09.2004 വരെയുള്ള അപേക്ഷകളിൻമേലും സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിൽ 07.11.2005 വരെയുള്ള അപേക്ഷകളിൻമേലും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ 15.02.2008 വരെയുള്ള അപേക്ഷയിൻ മേലും (കോടതി വിധിയുടെ അടിസ്ഥാനത്തിൽ 31.05.2010 ലെ ഒരു അപേക്ഷകയ്ക്കും), ലാസ്റ്റ്ഗ്രേഡ് സർവ്വന്റ്, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്, എക്സൈസ് ഗാർഡ് എന്നീ തസ്തികകളിൽ ഇതുവരെയുള്ള മുഴുവൻ അപേക്ഷകളിൻമേലും, ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ 10.01.2008 വരെയുള്ള അപേക്ഷകളിൻമേലും ഒഴിവ് നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. |
| (ബി) ആയത് അതിവേഗം തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ബി) ഓരോ വകുപ്പും അവർക്ക് സംവരണം ചെയ്യപ്പെട്ട ഒഴിവുകൾ അറിയിക്കുന്ന മുറയ്ക്ക് അപേക്ഷാ തീയതിയുടെ മുൻഗണനാക്രമം അനുസരിച്ച് സമയബന്ധിതമായിത്തന്നെ ഒഴിവുകൾ നിർദ്ദേശിച്ചു നൽകുന്നുണ്ട്. |

Bijumon

സെക്ഷൻ ഓഫീസർ